# കേരള കാർഷിക സർവ്വകലാശാല


## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര


**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

**തൃശ്ശൂർ**


**Email: kauagmet@yahoo.co.in, cohagmet@kau.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 48/17, ചൊവ്വാഴ്ച തീയ്യതി 28.11.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 13.3 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 33.1 മുതൽ 34.2 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.8 മുതൽ 22.5 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 76 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 45 മുതൽ 60 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.3 മുതൽ 2.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 2.4 മുതൽ 9.0 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.4 മുതൽ 3.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 29.11.2017 | 30.11.2017 | 01.12.2017 | 02.12.2017 | 03.12.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 8 | 4 | 4 | 5 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 6 | 5 | 5 | 6 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 8 | 8 | 8 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 90 | 90 | 90 | 90 | 90 |

**തൃശ്ശൂർ ജില്ലയിൽ ഈ ആഴ്ച്ച ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിലുള്ള മഴയ്ക്ക് സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | ഓലചുരുട്ടിപ്പുഴു | മുണ്ടകൻ കൃഷി ആരംഭിച്ച നെൽപ്പാടങ്ങളിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. ഫ്ളുബെന്റാമിഡ് (ഫെയിം) 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | കൂമ്പുചീയൽ | തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് (5 ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ ഇലക്കവിളുകളിലും ദ്വാരങ്ങളിലും ക്ലോർപൈറിഫോസ് 2 മി.ലി അല്ലെങ്കിൽ ക്യുനാൽഫോസ് 2 മി.ലി ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഒഴിച്ചു കൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ | ഡൗണി മിൽഡ്യു | പച്ചക്കറികളിൽ ഡൗണി മിൽഡ്യു രോഗം മൂലമുള്ള മഞ്ഞളിപ്പു കാണുകായാണെങ്കിൽ 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കുളിർക്കെ തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് ശ്വാസതടസമോ, പനിയോ, മുടന്തലോ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി വൈദ്യസഹായം തേടുക. (CAADECS, KVASU, Mannuthy) | |